## അനുബന്ധം

(ശ്രീ. കെ. ദാസൻ എം.എൽ.എ.-യുടെ ശ്രദ്ധക്ഷണിക്കലിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ നൽകിയ മറുപടി.)

2017 നവംബർ 29, 30 തീയതികളിലായി വീശിയടിച്ച ഓഖി ചുഴലിക്കാറ്റ് കേരളത്തിന്റെ തീരത്ത് വൻനാശനഷ്ടമാണുണ്ടാക്കിയത്. 52 മത്സ്യത്തൊഴിലാളികൾക്ക് ജീവഹാനിയുണ്ടാകുകയും 102 മത്സ്യത്തൊഴിലാളികളെ കാണാതാകുകയും ചെയ്തു. 354 മത്സ്യത്തൊഴിലാളികൾക്ക് അവരുടെ വള്ളവും വലയും മറ്റ് അനുസാരികളും നഷ്ടപ്പെടുകയോ കേടുപാടുകൾ സംഭവിക്കുകയോ ചെയ്തിട്ടുണ്ട്. മത്സ്യമേഖലയിലെ 74 വീടുകൾ പൂർണ്ണമായും 458 വീടുകൾ ഭാഗികമായും നഷ്ടമായിട്ടുണ്ട്. ഇത് കൂടാതെ റോഡുകൾ, പാലങ്ങൾ, വൈദ്യുതശൃംഖലകൾ എന്നിവയ്ക്കും തീരദേശവാസികളുടെ വിശിഷ്യാ മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങൾക്കും നാശനഷ്ടമുണ്ടാകുകയും ചെയ്തു.

ഓഖി ദുരന്തത്തിൽ മരണപ്പെട്ടവരുടെ ആശ്രിതർക്ക് 20 ലക്ഷം രൂപവീതം സാമ്പത്തിക സഹായം അനുവദിക്കുകയുണ്ടായി. ഇതുകൂടാതെ

പ്രധാനമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും രണ്ട് ലക്ഷം രൂപവീതവും മരണപ്പെട്ടവരുടെ കുടുംബങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. ഓഖി ദുരന്തത്തിൽ കാണാതായവരുടെ കുടുംബങ്ങൾക്ക്, മരണപ്പെട്ടവർക്ക് അനുവദിച്ച അതേ നിരക്കിലുള്ള നഷ്ടപരിഹാര ധനസഹായം നൽകുന്നതിന് തീരുമാനമെടുക്കുകയും ആയത് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന നിയമ തടസ്സങ്ങൾ ഒഴിവാക്കിയെടുക്കുന്നതിനുള്ള ത്വരിത പ്രവർത്തനങ്ങൾ നടത്തിവരികയുമാണ്.

ഓഖി ദുരന്തബാധിതരുടെ പുനരധിവാസത്തിനും നാശനഷ്ടം സംഭവിച്ച തീരദേശങ്ങളുടെ പുനഃസൃഷ്ടിക്കുമായി കേരള സർക്കാർ 7340 കോടി രൂപയുടെ പ്രത്യേക പാക്കേജ് തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. ഭവന നിർമ്മാണത്തിനായി 3002.71 കോടി രൂപ, തീരദേശ റോഡുകൾക്കും പാലങ്ങൾക്കുമായി 650 കോടി രൂപ, തീരദേശ ആരോഗ്യ-സാമൂഹ്യ ക്ഷേമ മേഖലയ്ക്ക് 465 കോടി രൂപ, മരണമടഞ്ഞ മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കുള്ള പ്രത്യേക ധനസഹായ പദ്ധതിയ്ക്കായി 12.50 കോടി രൂപ, മരണമടഞ്ഞവരുടെ കുടുംബാംഗങ്ങൾക്ക് ജീവനോപാധി ഏർപ്പെടുത്തുന്നതിനായി 12.15 കോടി രൂപ മരണമടഞ്ഞവരുടെ

മക്കൾക്കുള്ള വിദ്യാഭ്യാസത്തിനായുള്ള പ്രത്യേക സഹായ പദ്ധതിക്കായി 7.5 കോടി രൂപ, പരമ്പരാഗത മത്സ്യബന്ധന യാനങ്ങൾ അപ്ഗ്രേഡ് ചെയ്ത് ആഴക്കടൽ മത്സ്യബന്ധനത്തിന് പര്യാപ്തമാക്കുന്ന പദ്ധതിക്കായി 625 കോടി രൂപ, തീരദേശത്തെ മത്സ്യഗ്രാമങ്ങളിൽ സോളാർ അധിഷ്ഠിത ഡിസലൈനേഷൻ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനായി 500 കോടി രൂപ, ഫിഷറീസ് സ്കൂളുകളുടെ നവീകരണത്തിനായി 100 കോടി രൂപ, തീരദേശത്തെ സർക്കാർ സ്കൂളുകളുടെ അപ്ഗ്രഡേഷനായി 306 കോടി രൂപ, കമ്മ്യൂണിറ്റി പ്രൊഡക്ഷൻ സെന്ററുകൾ സ്ഥാപിക്കുന്നതിനായി 50 കോടി രൂപ, റെസിഡൻഷ്യൽ മറൈൻ സ്കിൽ ഡെവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിനായി 50 കോടി രൂപ, ദേശീയ മത്സ്യത്തൊഴിലാളി കാര്യശേഷി വികസന ഇൻസ്റ്റിറ്റ്യൂട്ടിനായി 100 കോടി രൂപ, മറൈൻ ആംബുലൻസിനായി 63 കോടി രൂപ, തീരദേശ പോലീസിന് 35 കോടി രൂപ, വൈദ്യുതിക്ക് 537 കോടി രൂപ, കുടിവെള്ള വിതരണത്തിന് 28 കോടി രൂപ, തീരസംരക്ഷണത്തിന് 323 കോടി രൂപ, ഹാർബറുകൾ, മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങൾ എന്നിവയ്ക്കായി 25 കോടി രൂപ എന്നിവയാണ്.

കേന്ദ്ര സർക്കാരിന് സമർപ്പിച്ച പുനരധിവാസ പാക്കേജ് അനുസരിച്ചുള്ള

ധനസഹായം ലഭിക്കുന്നതിന് കേന്ദ്ര ആഭ്യന്തര മന്ത്രാലയവും മറ്റ് വകുപ്പുകളുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ടതായിട്ടുണ്ട്. ഇതിനായി മത്സ്യബന്ധന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കൺവീനറായും റവന്യൂ, ഭവനനിർമ്മാണം, ദുരന്തനിവാരണം, ആരോഗ്യം, വൈദ്യുതി, സാമൂഹ്യനീതി, പൊതുമരാമത്ത്, ജലവിഭവം എന്നീ വകുപ്പുസെക്രട്ടറിമാർ അംഗങ്ങളായും ഒരു ഉന്നതതല ഔദ്യോഗിക സമിതി രൂപീകരിച്ചിട്ടുണ്ട്.

ദേശീയ ദുരന്തനിവാരണ ഫണ്ടിൽ നിന്നും 27-12-2017-ൽ 133 കോടി രൂപ സംസ്ഥാന സർക്കാരിന് അനുവദിക്കുകയുണ്ടായി. എന്നാൽ ഈ തുക തീരെ അപര്യാപ്തമാണ്. 133 കോടി രൂപ, കേരള സർക്കാർ പ്രധാനമന്ത്രിക്ക് സമർപ്പിച്ച 7340.45 കോടി രൂപയുടെ പ്രത്യേക പാക്കേജുമായി ബന്ധപ്പെട്ടുള്ളതല്ല. ഈ തുക ദേശീയ ദുരന്തനിവാരണ ഫണ്ടിൽ നിന്നും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിലേക്ക് അടിയന്തര സഹായമായി അനുവദിച്ചിട്ടുള്ളതാണ്.

സംസ്ഥാന സർക്കാർ സമർപ്പിച്ച ബൃഹത്തായ പാക്കേജ് പ്രകാരമുള്ള ധനസഹായം ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതാണ്.